(എ) സർക്കാർ ജീവനക്കാർ ജോലി സമയത്ത് ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) ജോലി സമയത്ത് ലഹരി ഉപയോഗിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തുവാൻ ആലോചനയുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർ ജോലിസമയത്ത് ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് വിലക്കിക്കൊണ്ട് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) പ്രസ്തുത നിർദ്ദേങ്ങൾ പാലിക്കാത്ത ജീവനക്കാർക്കെതിരെ 1960-ലെ KCS (CC&A) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. അതുപോലെ സർക്കാർ ഡ്രൈവർമാർ ലഹരി പദാർത്ഥം ഉപയോഗിച്ചുകൊണ്ട് വാഹനമോടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തരമായി സസ്പെന്റ് ചെയ്ത് തുടർ നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യം സർക്കുലർ മുഖേന എല്ലാ വകുപ്പുമേധാവികളേയും അറിയിച്ചിട്ടുണ്ട്.

സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും അനിശ്ചിതകാല പണിമുടക്ക്

30 (2846) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരും അധ്യാപകരും അനിശ്ചിതകാല പണിമുടക്കിന് നോട്ടീസ് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പണിമുടക്കിന് കാരണമായി ഉന്നയിക്കുന്ന ഡിമാന്റുകൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത ആവശ്യങ്ങളിൽ ഓരോന്നിലുമുള്ള നിലപാട് പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) സർക്കാർതലത്തിൽ നിലപാടുകളൊന്നും ഇതുവരെ കൈക്കൊണ്ടിട്ടില്ല.

സ്പോർട്സ് ക്വാട്ട നിയമനം

31 (2847) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ട നിയമനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) 2010 മുതൽ നിയമനം നടക്കാതിരിക്കുന്നത് ശ്രദ്ധയിൽവന്നിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കുമോ ;

(സി) സ്പോർട്സ് ക്വാട്ട നിയമനം വഴി എത്ര ഒഴിവുകൾ നികത്താനുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23-7-2014-ലെ സ.ഉ.(പി) നമ്പർ 206/14 പൊതുഭരണ പ്രകാരം സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുതുക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. നിയമനങ്ങൾ നൽകുന്നതിന് ആവശ്യമായ നടപടികൾ സത്വരം സ്വീകരിക്കുന്നുണ്ട്.

(സി) 250 ഒഴിവുകൾ.

(ഡി) സ്വീകരിച്ചുവരുന്നു.

ജനസമ്പർക്ക പരിപാടികൾ

32 (2848) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ ജനസമ്പർക്ക പരിപാടികളിൽ എത്ര പരാതികൾ ലഭിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര എണ്ണത്തിൽ അന്തിമ തീർപ്പ് കല്പിച്ചിട്ടുണ്ടെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ എത്ര തുക ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly